7680
30/6/15

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - നിയമത്തെ വെല്ലുവിളിക്കുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

## സാമൂഹ്യനീതി (എ) വകുപ്പ്

സ.ഉ. (സാധാ) നം. 318/2015/സാ.നീ.വ. തീയതി, തിരുവനന്തപുരം: 04.06.2015.

=====================================================================

പരാമർശം:- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 20.04.2015-ലെ എച്ച്.3-12435/15 നമ്പർ കത്ത്.

2. സാമൂഹ്യനീതി വകുപ്പിലെ 16.05.2015-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.

## ഉത്തരവ്

നിയമത്തെ വെല്ലുവിളിക്കുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിക്ക് അനുമതി നൽകണമെന്നും ഇതിനായി 30,99,470/- രൂപ നടപ്പു സാമ്പത്തിക വർഷത്തെ 2235-60-200-83 (പി) ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകണമെന്നും പരാമർശം (1) പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. 16.05.2015-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശീലകർക്കുള്ള ഹോണറേറിയം 1500/- രൂപയായി നിജപ്പെടുത്തണമെന്ന നിബന്ധനയ്ക്ക് വിധേയമായി ഈ നിർദ്ദേശം നടപ്പാക്കുന്നതിനായി 25,07,000/- രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിയമത്തെ വെല്ലുവിളിക്കുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൈപുണ്യ പരിശീലനം നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിക്കൊണ്ടും പരിശീലകർക്കുള്ള ഹോണറേറിയം 1500/- രൂപയായി നിജപ്പെടുത്തണമെന്ന നിബന്ധനയ്ക്ക് വിധേയമായി ഈ പദ്ധതി ബാംഗ്ലൂരിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോ സയൻസസ് (NIMHANS) എന്ന സ്ഥാപനം മുഖാന്തിരം നടപ്പാക്കുന്നതിന്

25,07,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി ഏഴായിരം രൂപ മാത്രം) നടപ്പു സാമ്പത്തിക വർഷത്തെ 2235-60-200-83 (പി) ശീർഷകത്തിൽ നിന്നും അനുവദിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**എ.ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി.

1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ്
5. പ്ലാനിംഗ് (ഇ.എ.) വകുപ്പ്
6. സാമൂഹ്യനീതി (എ3) വകുപ്പ്.
7. വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്).
8. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.